LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ പെൻഷനുകളിലെ കുടിശ്ശിക

300(1678) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ക്ഷേമ പെൻഷൻ പദ്ധതികളിലുമായി 2015 ഡിസംബർ 31 വരെ എത്ര തുക കുടിശ്ശിക ഗുണഭോക്താക്കൾക്ക് നൽകാനുണ്ട് എന്നത് സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ക്ഷേമ പെൻഷനുകൾ യഥാസമയം കൊടുത്തു തീർക്കാനാവാതെ വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അവ യഥാസമയം കൊടുക്കാൻ വൈകിയ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) ക്ഷേമ പെൻഷൻ പദ്ധതികളുടെ കുടിശ്ശിക തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	കുടിശ്ശിക തുക (കോടി രൂപ)
1	2	3
1	തിരുവനന്തപുരം	138.15
2	കൊല്ലം	112.20
3	പത്തനംതിട്ട	32.59
4	ആലപ്പുഴ	100.05
5	കോട്ടയം	52.32
6	ഇടുക്കി	44.93
7	എറണാകുളം	124.62
8	തൃശ്ശൂർ	146.95
9	പാലക്കാട്	111.86
10	മലപ്പുറം	154.36

1436/2018.

1	2	3
11	കോഴിക്കോട്	147.70
12	വയനാട്	41.82
13	കണ്ണൂർ	142.85
14	കാസർഗോഡ്	47.30
	ആകെ	1397.70

(ബി) മുൻകാലങ്ങളിൽ വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം പെൻഷൻ തുക നൽകിവന്നിരുന്ന പതിവ് മാറ്റി ഡിബിടി സമ്പ്രദായം മുഖേന അതത് മാസം പെൻഷൻ അനുവദിക്കുന്ന രീതി അവലംബിച്ച അവസരത്തിൽ ഡിബിടി ആരംഭിച്ച 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ നൽകുകയും കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്ത് തീർക്കുന്ന സംവിധാനവുമാണ് ഏർപ്പെടുത്തിയത്. ഇത് പ്രകാരം രണ്ട് മാസത്തെ കുടിശ്ശിക (2015 ഫെബ്രുവരി, മാർച്ച്) അനുവദിച്ചിട്ടുണ്ട്. നാമമാത്ര മായിരുന്ന പെൻഷൻ തുകയിൽ വരുത്തിയ വർദ്ധനവും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കിയതുവഴി ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവും പെൻഷൻ നൽകുന്നതിന് വേണ്ടിവരുന്ന തുകയിൽ വലിയ വർദ്ധനവിന് കാരണമായിട്ടുണ്ട്.

(സി) ഡിബിടി സമ്പ്രദായത്തിൽ ബാങ്ക്/പോസ്റ്റ്ഓഫീസ് എന്നിവ മുഖേനയും തീരെ അവശരായ ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് തുക അനുവദിക്കുന്നത്. ഗുണഭോക്താക്കളിൽ 60%-ത്തിലധികം തെരഞ്ഞെടുത്തിട്ടുള്ള പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന തുക അയയ്ക്കുന്നതിന് പ്രസ്തുത അക്കൗണ്ടുകൾ കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുന്ന നടപടി നടക്കുന്നതിനാൽ പോസ്റ്റൽ അധികൃതർ തുക കൈപ്പറ്റാത്ത സാഹചര്യം നിമിത്തമാണ് 2015 സെപ്റ്റംബർ മാസം മുതലുള്ള തുക യഥാസമയം നൽകുന്നതിന് കാലതാമസമുണ്ടായത്. പ്രസ്തുത തുക ചെക്ക് മുഖേന നൽകിയിട്ടുണ്ട്.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ

301(1680) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകൾക്ക് ഇപ്പോൾ നിലവിലുള്ള എല്ലാ ഉത്തരവുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾക്കും ബാധകമാക്കാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly